കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുള്ള നടപടികൾ

(338) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഹഡ്കോയുടെയും സഹകരണ സ്ഥാപനങ്ങളുടെയും സഹായത്തോടെ എത്ര പുതിയ ബസ്സുകൾ നിരത്തിലിറിക്കിയിട്ടുണ്ട്;

(സി) സൂപ്പർ ഫാസ്റ്റ് ബസ്സുകളും, സൂപ്പർ എക്സ്പ്രസ് ബസ്സുകളും അപകടങ്ങളുണ്ടാക്കുന്ന സാഹചര്യത്തിൽ ഇവ നിറുത്തലാക്കുന്നതിനോ റണ്ണിംഗ് സമയം കുറയ്ക്കുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി 1999-2000 വർഷത്തിൽ എത്ര പുതിയ സബ് ഡിപ്പോകളും ഡിപ്പോകളും എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഹഡ്കോ, മീനച്ചൽ ഈസ്റ്റ് അർബൻ കോ- ഓപ്പറേറ്റീവ് ബാങ്ക്, പാലക്കാട് ഡിസ്ട്രിക്ട് കോ- ഓപ്പറേറ്റീവ് ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുക്കുവാനും, ആ തുക ഉപയോഗിച്ച് വാങ്ങുന്ന ബസ്സുകൾ ദീർഘദൂര റൂട്ടുകളിലും ലാഭകരമായ മറ്റു റൂട്ടുകളിലും ഓടിക്കുവാനും കോർപ്പറേഷൻ തീരുമാനിക്കുകയും ആദ്യഗഡുവായി ലഭിച്ച വായ്പ ഉപയോഗിച്ചു വാങ്ങിയ ബസ്സുകൾ ഓടിച്ചു തുടങ്ങുകയും ചെയ്തു.

2. ജീവനക്കാരുടെ കുറവുമൂലം സർവ്വീസ് റദ്ദാക്കൽ ഒഴിവാക്കാനായി നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് തീരുമാനിച്ചു.

3. ലാഭകരമല്ലാത്ത സർവ്വീസുകൾ കണ്ടെത്തുകയും സമയം പുനർക്രമീകരിച്ച് അവ ലാഭകരമായി ഓടിക്കുവാനുള്ള നിർദ്ദേശം യൂണിറ്റാഫീസർമാർക്ക് നൽകുകയും ചെയ്തുകഴിഞ്ഞു.

4. ബസ്സിന്റെ കുറവുള്ള യൂണിറ്റുകൾക്ക് ലഭ്യത അനുസരിച്ചു പുതിയ ബസ്സുകൾ നൽകിത്തുടങ്ങി.

5. വാഹനാപകടംമൂലം ഭീമമായ നഷ്ടപരിഹാരത്തുക നൽകുന്നത് ഒഴിവാക്കാനായി ഫാസ്റ്റ് പാസ്സഞ്ചർ ഉൾപ്പെടെയുള്ള സൂപ്പീരിയർ ക്ളാസ്സ് സർവ്വീസുകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്.

6. റിസർവേഷൻ സൗകര്യങ്ങൾ വ്യാപകമാക്കുന്നതിനും സർവ്വീസ് ചെക്കിംഗ് കാര്യക്ഷമമാക്കുന്നതിനും സ്കാഡ് യൂണിറ്റുകൾ ബലപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

7. വരുമാനം വർധിപ്പിക്കുവാനായി ജീവനക്കാർക്കുള്ള ഇൻസെന്റീവ് സ്കീം നടപ്പിലാക്കികഴിഞ്ഞു.

(ബി) ഇതുവരെയായി 249 ബസ്സുകൾ നിരത്തിലിറക്കി.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സർവ്വീസുകൾക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള റണ്ണിംഗ് സമയം പര്യാപ്തമാകയാൽ, ഈ സർവ്വീസുകൾ നിർത്തലാക്കുകയോ റണ്ണിംഗ് സമയം കുറയ്ക്കുകയോ ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

(ഡി) പ്രസ്തുത കാലയളവിൽ ഒരു ഡിപ്പോയും 4 ബസ്സ് ഡിപ്പോയും ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് നിലവിലുണ്ടായിരുന്ന സബ് ഡിപ്പോ, ഡിപ്പോയായി ഉയർത്തി. ചിറ്റൂർ, പൊടുപുഴ, ചടയമംഗലം, വെള്ളനാട് എന്നിവിടങ്ങളിൽ ബസ്സ് ഡിപ്പോകൾ ആരംഭിച്ചു.

കെ.എസ്.ആർ.ടി.സി. യിലെ ഡ്രൈവർമാരുടെ നിയമനം

(340) <u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിലെ റിസർവ് ഡ്രൈവർമാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) വിവിധ ജില്ലകളിലായി കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഇപ്പോൾ ബസ്സ് ഡ്രൈവർമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) പി.എസ്.സി റാങ്കുലിസ്റ്റിൽ നിന്നും നിയമനം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും എംപാനൽ ആയിട്ടും സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എത്ര ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ ജില്ലകളിലായി 6727 റിസർവ് ഡ്രൈവർമാരുടെ ഒഴിവുകളാണ് ഉള്ളത്. അവയുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	2748
കൊല്ലം	-	709
പത്തനംതിട്ട	-	246
ആലപ്പുഴ	-	577
കോട്ടയം	-	350
ഇടുക്കി	-	77
എറണാകുളം	-	382
തൃശ്ശൂർ	-	285
പാലക്കാട്	-	226
മലപ്പുറം	-	106
കോഴിക്കോട്	-	192
വയനാട്	-	270
കണ്ണൂർ	-	350
കാസർഗോഡ്	-	197

(സി) പി.എസ്.സിയിൽ നിന്നും റിസർവ് ഡ്രൈവർ നിയമനത്തിനായുള്ള അഡ്വൈസ് ലിസ്റ്റ് ലഭിച്ചാലുടൻ തന്നെ നിയമന നടപടികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly